# 2025–2026

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഡി.വി.യു.പി.എസ്

## നായരമ്പലം

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 - 2026

## ആമുഖം

വൈപ്പിൻ മണ്ഡലത്തിൽ നായരമ്പലം പഞ്ചായത്തിൽ 1927-ൽ സ്ഥാപിതമായ ദേവീവിലാസം സ്കൂളിൽ സ്റ്റാന്റേർഡ് 5 വരെയുള്ള ക്ലാസ്സാണ് ഉണ്ടായിരുന്നത്. ആദ്യം വ്യക്തികളുടെ കീഴിലായിരുന്നു വിദ്യാലയം. പിന്നീട് നായരമ്പലം നായർ കരയോഗത്തിന്റെ അധീനതയിലായി. കരയോഗത്തിന്റെ കീഴിൽ ഒരു ഹയർ സെക്കന്ററി സ്കൂളും ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്. ഈ വിദ്യാലയത്തിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.രാമൻ മേനോൻ ആയിരുന്നു. കുറച്ച് വർഷം കഴിഞ്ഞ് 6,7 ക്ലാസ്സുകൾ കൂടി ആരംഭിച്ചു. നാനാ ജാതി മതസ്ഥരായ കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിച്ച് പലമേഖലകളിലും ഉയർന്ന നിലയിൽ എത്തിച്ചേർന്നിട്ടുണ്ട്. മുപ്പത് വർഷങ്ങൾക്ക് മുൻപ് 500ൽ പരം വിദ്യാർത്ഥികൾ പഠിച്ചു. എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വരവ് ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമായി. ഇപ്പോൾ 3 അധ്യാപകർ ഇവിടെ സേവനം ചെയ്യുന്നു. 4 അദ്ധ്യാപക തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ വെച്ച് ക്ലാസ്സ് നടത്തുന്നു.

## പഠനനിലവാരം

80 % കുട്ടികളും മികച്ച നിലവാരം പുലർത്തുന്നവരാണ്. 20 % കുട്ടികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. അവരെ പ്രത്യേകം പരിഗണിച്ചുകൊണ്ട് പല ക്ലാസ്സുകൾ സജ്ജമാക്കിയിട്ടുണ്ട്. വെള്ളിയാഴ്ചതോറും പല വിഷയങ്ങളിൽ പ്രത്യേക ക്ലാസ്സുകളും വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

## സാമൂഹിക പങ്കാളിത്തം

പഞ്ചായത്ത് വാർഡ്മെമ്പർ പുർവ്വ വിദ്യാർത്ഥികൾ റിട്ടയർചെയ്ത ടീച്ചർമാർ ഇവരുടെ സഹകരണം ലഭിക്കുന്നുണ്ട്.

Scanned with OKEN Scanner

## വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ.

പ്രധാനാധ്യാപിക ക്ലാസ്സ് മോണിറ്ററിങ്ങ്, പി.ടി.എ, എം.പി.ടി.എ അംഗങ്ങൾ കുട്ടികളുടെ പഠന നിലവാരം അറിയുന്നതിനായി സ്കൂൾ സന്ദർശിക്കുകയും അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

PTA,MPTA എന്നിവയുടെ സഹകരണം ഉണ്ട്. മതിയായ ക്ലാസ് മുറികൾ ഇല്ല. ബഞ്ച്, ഡെസ്ക് എന്നിവ ആവശ്യത്തിനുണ്ട്. ഓഫീസ് സ്റ്റാഫിന്റെ കുറവുണ്ട്.

## നിലവിലുള്ള അവസ്ഥ.

### കുട്ടികളുടെ എണ്ണം

ഓരോ വർഷം കഴിയുന്തോറും കുട്ടികളുടെ എണ്ണം കുറഞ്ഞ് കുറഞ്ഞ് വളരെ ശോചനീയമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഹെഡ്മിസ്ട്രസ്സ് ഉൾപ്പെടെ സ്ഥിരമായ 3 അധ്യാപകരാണുള്ളത്. ബാക്കി ദിവസവേതനാടിസ്ഥാനത്തിലുള്ള അധ്യാപകർ ആണ് ഉള്ളത്. വിദ്യാർത്ഥികളുടെ പഠനത്തിനായി 5 കമ്പ്യൂട്ടറുകൾ ഉണ്ട്. ഒരു ഓഫീസ് മുറിയും. ഒരു സ്റ്റാഫ് റൂമും, കമ്പ്യുട്ടർ റൂമും, വായനാമുറിയും എന്നിവയുമുണ്ട്.

## കുടിവെള്ള സൗകര്യം

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയ്ലറ്റ്, ആവശ്യത്തിന് ടാപ്പുകൾ, നവീകരിച്ച പാചകപ്പുര, സ്റ്റോർ റൂം, എന്നിവയുമുണ്ട്. ഭക്ഷണം നൽകുന്നതിന് പ്രത്യേകം റൂം ഉണ്ട്.

## ആവശ്യമുള്ളവ

കുട്ടികൾക്ക് സൗകര്യമുള്ള ഭക്ഷണശാല, സ്മാർട്ട് ക്ലാസ്സ് റും എന്നിവ വയ്ക്കുകയാണെങ്കിൽ കുട്ടികൾക്ക് പഠനം ഒന്നുകൂടി രസകരവും വിജ്ഞാനപ്രദവും ആക്കാം.

Scanned with OKEN Scanner

## നേട്ടങ്ങൾ

കുട്ടികളുടെ ഭാഷാപരിമിതികൾ കണ്ടെത്തിയതിൻ പ്രകാരം സുരീലി ഹിന്ദി, സംയുക്ത ഡയറി, ഗണിത വിജയം എന്നിവയിലൂടെ കുട്ടികളുടെ കഴിവ് വർധിപ്പിക്കാൻ സാധിച്ചു.

വായനാ കാർഡുകൾ ഉപയോഗിക്കുന്നുണ്ട്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതം മധുരമാക്കി കുട്ടികളിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ശാസ്ത്ര സാമൂഹിക ശാസ്ത്രവിഷയങ്ങളിൽ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി.

ഐ സി ടി സാധ്യതയിലൂടെ പഠനം സുഗമമാക്കുന്നുണ്ട്. ഇത് മൂലം നല്ല പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിലും മികവുകൾ നേടാൻ സാധിച്ചിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലവുമുണ്ട്. കുട്ടികളുടെ ഭാഷയെ പരിപോഷിപ്പിക്കുന്നതിനായി കവിതകൾ,കഥകൾ, വാർത്തകൾ എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ 3 ഭാഷകളിലും ഇതുമൂലം കുട്ടികൾക്ക് പുരോഗതി കാണുവാൻ സാധിച്ചു.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികൾക്കു നൽകി വരുന്നുണ്ട്. കുട്ടികൾ നിർമ്മിച്ച ചെറിയ പൂന്തോട്ടം ഉണ്ട്. കുട്ടികൾക്ക് കളിക്കാൻ കളിസ്ഥലമുണ്ട്. അരണ മരം, മന്ദാരം തുടങ്ങിയവ ഉള്ളതിനാൽ തണൽ ലഭിക്കുന്നുമുണ്ട്.

ഓരോ മസങ്ങളിലും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

വാർഡ്മെമ്പർ, PTA പ്രവർത്തകർ എന്നിവർ വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവമായ പങ്ക് വഹിക്കുന്നുമുണ്ട്.

പ്രവേശനോത്സവം, ദിനാചരണങ്ങൾ എന്നിവയിൽ സജീവമായി പങ്കെടുക്കാറുണ്ട്. പരിസരം വൃത്തിയാക്കൽ കുട്ടികളുടെ ടോയ്‌ലറ്റുകൾ ക്ലീൻ ചെയ്യൽ എന്നിവയിൽ സജീവ നേതൃത്വം നൽകുന്നുണ്ട്.

സ്കുളുകളിൽ കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. കുടിവെള്ളം കുട്ടികൾക്ക് നൽകുന്നുമുണ്ട്. കൂടാതെ പ്യൂരിഫയർ ഉണ്ട്.

Scanned with OKEN Scanner

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

സ്കൂളിലെ ഫർണീച്ചറുകളെല്ലാം മികച്ചതാണ്. പക്ഷേ ക്ലാസ് മുറികൾ തമ്മിൽ തിരിക്കുന്ന സ്ക്രീനുകൾ പഴക്കം ചെന്നതാണ്.

സ്കൂളിൽ ലൈബ്രറി ഉണ്ടെങ്കിലും സൗകര്യം കുറവാണ്. പുസ്തകങ്ങൾ ശരിയായ രീതിയിൽ അടുക്കി വയ്ക്കുന്നതിനുതകുന്ന അലമാരകൾ കുറവാണ്. ഭക്ഷണം പാചകം ചെയ്യാനുള്ള പാത്രങ്ങളുടെ കുറവ്, കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള സ്ഥലപരിമിതി തുടങ്ങിയ പ്രശ്നങ്ങളുണ്ട്. കെട്ടിടങ്ങൾക്ക് കുറച്ച് കാലപ്പഴക്കം ഉണ്ട്. PTA ഉൾപ്പെട്ട് സ്കൂൾ പരിസരം ഇടയ്ക്ക് വൃത്തിയാക്കാറുണ്ട്.

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തണം. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേരിടേണ്ട അറിവും കഴിവും രക്ഷകർത്താക്കളെ അറിയിക്കും. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കും.

ഇന്ന് സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് എതിരായി രക്ഷാകർത്താക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ്സും കൗൺസിലിംഗും നടത്തും.

പരിസരശുചിത്വം ആഹാര ശുചിത്വം വ്യക്തിശുചിത്വം എന്നീ ബോധവത്കരണ ക്ലാസ്സുകൾ നടത്തും.

ചില കുട്ടികൾക്ക് മലയാളത്തിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഗണിത വിഷയവുമായി ബന്ധപ്പെട്ട സംഖ്യാബോധം, വ്യവകലനം, സങ്കലനം, എന്നീ മേഖലകളിൽ കുട്ടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുപോലെ ഇംഗ്ലീഷ് ഭാഷയിലും കുട്ടികൾക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

Scanned with OKEN Scanner

## അക്കാദമിക പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | പദകാർഡുകൾ ഉപയോഗിച്ച് വാചകങ്ങൾ നിർമ്മിക്കൽ. വായന കാർഡുകൾ നൽകി കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. | 4മാസം<br>4 മാസം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ പരിചയപ്പെടുത്തൽ. ഇംഗ്ലീഷ് പുസ്തക ശേഖരണം ഒരുക്കൽ, വായന | 4മാസം | ക്ലാസ്സ് ടീച്ചർ | |

## അക്കാദമിക പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഹിന്ദി പഠനം കാര്യക്ഷമമാക്കാൻ | അക്ഷരകാർഡ്, പദകാർഡ്, വാചക കാർഡ് | 6 മാസം | ഹിന്ദി ക്ലബ് ടീച്ചർ | |
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടൽ | ഹിന്ദി കഥാപുസ്തകങ്ങൾ വായിക്കൽ. വിവിധ പതിപ്പുകൾ തയ്യാറാക്കൽ | 4 മാസം | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷര കാർഡ് | 1 വർഷം | ക്ലാസ്സ് ടീച്ചർ | |
| ചിഹ്നങ്ങൾ ഉറപ്പിക്കൽ | പദ കാർഡ് | 1 വർഷം | ക്ലാസ്സ് ടീച്ചർ | |
| വ്യത്യസ്ത രചനകളിൽ ഏർപ്പെടൽ, കത്ത്, ഡയറി, നോട്ടീസ്, പത്രവാർത്ത ആസ്വാദനക്കുറിപ്പ്, വിവരണം, വരികൾ കൂട്ടിച്ചേർക്കൽ | അസംബ്ലിയിൽ പത്ര വാർത്ത നടത്തുന്നു. ദിനാചാരണത്തോടനുബന്ധിച്ച് നാടകം, കവിതകൾ അവതരിപ്പിക്കുന്നു. | 1 വർഷം | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളുടെ മികവ് നേടുക | പ്രാദേശിക കലാകാരന്മാരെ സ്കൂളുകളിൽ എത്തിക്കൽ | വർഷത്തിൽ 2 മാസം | HM<br>PTA | |
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടൽ | ഹിന്ദി കഥാപുസ്തകങ്ങൾ വായിക്കൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ | 4 മാസം | ക്ലാസ്സ് ടീച്ചർ | |

Scanned with OKEN Scanner

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | കാർഡുകൾ, ആരോഹണം, അവരോഹണം, സ്ഥാനവില, പോക്കറ്റ്, സംഖ്യാമാല, മാന്ത്രിക ചതുരം, ഗണിത മധുരം. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

## സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജില്ലകളെ പരിചയപ്പെടുത്തൽ, മാപ്പ് നിരീക്ഷണം, സ്ഥലങ്ങൾ തിരിച്ചറിയൽ | കേരളം ഭൂപടത്തിന്റെ ചിത്രം പരിചയപ്പെടുത്തി ജില്ലകൾ തിരിച്ചറിയൽ. വാർത്തകൾ, ചിത്രങ്ങൾ (പത്രം) അതാത് ജില്ലകളിൽ ഒട്ടിക്കുന്നു. | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

## ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ. പരീക്ഷണം ചെയ്യൽ പരിസരം നിരീക്ഷിച്ച് അറിയാൻ | പരീക്ഷണം നിരീക്ഷണം പഠനയാത്ര | ഒരു വർഷം | ശാസ്ത്രാദ്ധ്യാപിക | |

Scanned with OKEN Scanner

## അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആരോഗ്യ കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം | യോഗ, വ്യായാമം, ഒറിഗാമി, പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ, നിർമ്മാണം, ചിത്ര രചന, സംഗീതം, നൃത്തം, അഭിനയം, ഓട്ടം, ചാട്ടം | ഒരു വർഷം | ക്ലാസ് ടീച്ചർ | |
| ഐ സി ടി പഠനസാധ്യത വിപുലപ്പെടുത്തൽ | പാഠഭാഗങ്ങൾ ഐ സി ടി യിലൂടെ പരിചയപ്പെടുത്തൽ | ഒരു വർഷം | ക്ലാസ് ടീച്ചർ | |

## ജന്മദിനത്തിനൊരു പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും, ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളും | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ | |

Scanned with OKEN Scanner

## മൺമറഞ്ഞ ആഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. പി ടി എ | |

## മെഡിക്കൽ ക്യാമ്പ് – അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ. കുട്ടികൾക്ക് വേണ്ട സമയത്ത് ഗുളികകൾ വിതരണം ചെയ്യൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച് എം പിടിഎ | പിടിഎ |

## പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കൽ | വിദ്യാലയത്തിലെ അനുയോജ്യപ്രദമായ സ്ഥലം തെരഞ്ഞെടുത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. ദിവസവും വേണ്ട പരിചരണം നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി | കൃഷി വകുപ്പ് |

Scanned with OKEN Scanner

# യു.പി.ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതം മധുരമുള്ളതാക്കുക
- ഗണിത പഠനം ലളിതമാക്കുക
- വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ഐ സി ടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കുന്നു.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പു വരുത്തുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- ഗണിത ലാബ് മെച്ചപ്പെടുത്തുന്നു.
- സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പ്രായോഗിക പ്രശ്നപരിഹരണം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ട് പ്രവർത്തനത്തിന് മുൻ തൂക്കം നൽകുന്നു.

## പ്രവർത്തന പദ്ധതികൾ

- ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ, ചിത്രകാർഡുകൾ, ടോക്കണുകൾ, ഡൈസുകൾ, ഗെയിം കാർഡുകൾ ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.
- സ്ഥാനവില പോക്കറ്റ് നിർമ്മാണം, വർക്ക് ഷീറ്റുകൾ നിർമ്മാണം, സങ്കലനപട്ടിക പ്രദർശനം, കേക്ക് തുല്യമായി പങ്കുവയ്ക്കൽ
- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാൻ
- GEOGEBRA പരിശീലനം.
- മട്ടകോൺ, മട്ടങ്ങൾ ഉപയോഗം മനസ്സിലാക്കൽ.
- പസിൽ നിർമ്മാണം, ഗണിതകേളി.

Scanned with OKEN Scanner

മലയാളം

- മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുക.
- എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കുക.
- വായന ഉറപ്പാക്കുക.
- ഭാഷാശേഷി വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക.
- പോസ്റ്റർ നിർമ്മാണം, ഉപന്യാസ രചന, ആൽബം തയ്യാറാക്കൽ ഡയറി എഴുത്ത് അനുഭവക്കുറിപ്പ്, പുസ്തക വായന എന്നിവയിൽ പ്രാമുഖ്യം ഉറപ്പാക്കുക.
- പദസൂര്യൻ, ക്വിസ്സ്, നാടകം, കഥാരചന, കവിതാരചന, നാടൻപാട്ട്, ഓട്ടൻതുള്ളൽ എന്നിവ നടത്തുക.

സാമൂഹ്യ ശാസ്ത്രം

- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- ഭൂപടവായന ക്രമീകരിക്കുന്നു.
- പ്രാദേശിക ചരിത്രാവബോധം വളർത്തുക
- പഠനയാത്രകൾ സംഘടിപ്പിക്കുക
- എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പഴയ കറൻസികൾ, പഴയകാല ഉപകരണങ്ങൾ എന്നിവ ശേഖരിക്കൽ.

## ഉൾച്ചേരൽ വിദ്യാഭ്യാസം

എല്ലാ വിഭാക്കാരെയും പരിഗണിക്കുക. എല്ലാ തരത്തിൽപ്പെട്ട കുട്ടികളെയും തിരിച്ചറിയുക. അതിനുശേഷം അവർക്കു വേണ്ട പരിഗണന നൽകണം. ബി ആർസിയിൽ നിന്നും പ്രത്യേക ട്രൈനേഴ്സ് എത്തിച്ചേർന്നു.

Scanned with OKEN Scanner

അവർക്ക് വേണ്ട വിദ്യാഭ്യാസം നൽകണമെന്ന് ഇപ്രാവശ്യത്തെ അദ്ധ്യാപക പരിശീലനത്തിൽ പറയുകയുണ്ടായി.

## സഹിതം.

എല്ലാ കുട്ടികളെയും അദ്ധ്യാപകർ നല്ലപോലെ തിരിച്ചറിഞ്ഞ് ഗ്രേഡുകൾ നൽകാവൂ. അവന്റെ/അവളുടെ പ്രവർത്തനങ്ങൾ അദ്ധ്യാപകർ വിലയിരുത്തി നിരന്തര മൂല്യനിർണ്ണയം നടത്തുന്നു. ഓരോ കുട്ടിയുടെയും കഴിവുകൾക്ക് ലഭിച്ച ഗ്രേഡുകൾ രക്ഷിതാക്കൾക്ക് കാണാനും സാധിക്കുന്നു. ഓരോ കുട്ടിയെയും അദ്ധ്യാപകർ മനസ്സിലാക്കി അവരുടെ കൂടെ നിന്ന് സന്തോഷിപ്പിക്കണം. എല്ലാം തുറന്ന് പറയാൻ കഴിയുന്ന തന്റെ കൂട്ടുകാരനാണ് അദ്ധ്യാപകർ എന്ന് കുട്ടികൾക്ക് തോന്നുന്ന വിധം അവരെ അടുത്തറിയണം. അദ്ധ്യാപകരുടെ സ്നേഹം, കൈതാങ്ങ് ഇവ കുട്ടികൾക്ക് വലിയ ശക്തി നൽകുന്നു.

Scanned with OKEN Scanner